# തുഷാരം

## ഇ-മാഗസിൻ



## എസ്സ് എൻ ട്രസ്റ്റ്സ് ഹയർസെക്കന്ററി സ്കൂൾ , തോട്ടട

# എസ്സ് എൻ ട്രസ്റ്റ്സ് ഹയർ സെക്കന്ററി സ്കൂൾ

# തോട്ടട , കണ്ണൂർ



# ഗുരുദേവന് പ്രണാമം






# എസ്സ് എൻ ട്രസ്ററ്സ് ലിറ്റിൽ കൈറ്റ് ടിം



# ആമുഖം

മാനവ പുരോഗതി അതിന്റെ മഹനീയ രൂപംപൂണ്ട്വിശ്വംകീഴടക്കുന്നകാഴ്ചശ്വാസമടക്കി ലോകംകണ്ടുകൊണ്ടിരിക്കുയാണ്.അനുനിമിഷം വളരുന്ന വിവരസാങ്കേതികവിദ്യകൾ പ്രപഞ്ചത്തെ മനുഷ്യന്റെ വിരൽതുമ്പിലേക്ക് ചുരുക്കുന്നു.അറിവും കഴിവും ഭാവനയും ഒത്തുചേർത്ത് മനുഷ്യൻ ത്രിശങ്കുസ്വർഗ്ഗങ്ങൾ പണിയുമ്പോൾ ലോകത്തിലെ മനനം ചെയ്യാൻ കഴിവുള്ള മനുഷ്യന്റെ മാനസികമൂല്യങ്ങൾക്ക് ശോഷണം സംഭവിക്കുന്നു.അത് ജീവിക്കാൻ അർഹതയുള്ള മുഴുവൻ സഹജീവികളെയും നാശത്തിന്റെ വക്കിലെത്തിക്കുന്നു. ഇതിൽ നിന്ന് പുനർവിചിന്തനത്തിലൂടെയുള്ള അതിജീവനം എന്നനിലയിൽ കുട്ടികളുടെ സർഗ്ഗാത്മകമായ കഴിവുകൾ വിവരസാങ്കേതിക വിദ്യയിലൂടെ പ്രകടിപ്പിക്കാൻ ഈ മാസികയിലെ രചനയിലൂടെ സാധ്യമാകും എന്ന് നമുക്ക് പ്രത്യാശിക്കാം.



# എഡിറ്റോറിയൽ ബോർഡ്




## ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ
## &
## കൈറ്റ് മിസ്ട്രസ്സ്

## ഉള്ളടക്കം


കവിതകൾ..........2

അമ്മ..........2

LOST SOUL..........4

മുത്തശ്ശിക്കൊപ്പം ഒരു യാത്ര..........6

രേണുക..........8

*രാക്കിളിയുടെ രോദനം*..........*9*

പാതിരാ സൂര്യൻ..........11

*എൻ മാലാഖ*..........*13*

കഥകൾ..........15

നിലവിളി..........15

*നിറങ്ങളില്ലാത്ത ലോകം*..........17

യാത്ര..........19

ശാന്തയുടെ കുരുട്ടുബുദ്ധി..........21

ഒരു സെൽഫി കഥ..........23

*ആക്സ് മാൻ*..........25

ഒറ്റപ്പെടലിൽ നിന്നുള്ള മോചനം..........28

# കവിതകൾ

## അമ്മ

നൂറ് കോടി പ്രണാമങ്ങൾ എൻ അമ്മയ്ക്ക്
പത്ത് മാസം എന്നെ ചുമന്നതിന്
ഞാനൊരു ഭാരമായിരുന്നാകിലും
കുറ്റം പറയാതെ താങ്ങിയമ്മ
ശല്യമായി ഞാനന്ന്കരഞ്ഞിരുന്നപ്പോഴും
നെഞ്ചോട്ടു ചേർത്തുറക്കിയമ്മ
താരാട്ടുപാടാൻ അറിയില്ലായെങ്കിലും
ആവോളം പാടി  ഉറക്കിയമ്മ
പിച്ചവെച്ചീടുന്ന നേരത്ത് എന്നമ്മ




കൈകോർത്ത് പിച്ചവെപ്പിച്ചിരുന്നു.
അമ്മയെന്നുള്ള വീക്കിനുമപ്പുറം
എന്നും താങ്ങായെൻ കൂടെനിന്നു.
അന്നു ഞാനൊരു വിത്തായിരുന്നെങ്കിലും
ഇന്നു ഞാനൊരു ചെടിയായിമാറി
എന്നാലും ഇന്നും വൻമരമായി
അമ്മയെനിക്കു തണലാകുന്നു.
ഞാനിന്നൊരു പട്ടം എന്നാലും

# ന്യൂൽ ഇന്നും എൻ അമ്മതൻ കൈയിൽ

സിങ്ത ഹരിദാസ്
+1 സയൻസ്

# LOST SOUL



I’m standing on a stage, the stage of life
Trying my best to remain here,
Until I finish my performance.
Lately, I desperately want to end the show,
I sigh, I cry,  scream, I try…
But none was there to hear me.

My little eyes showed me, Yes I see,
All were busy with themselves, let it be,
Sometimes I wish to say, “excuse me!”
Oh! To whom am  I saying? Is there anyone?, everyone fled.
You can call me a magician.
I can vanish a person with my sight.
Sometimes I wish to vanish myself, but it was a tough fight.

Oh! My soul! Can you just leave me?
Alone, alone, I want to be
In the graveyard near you,
Lying frozen with the strangers
Let the worms cover me like creepers.

Did you know how much I enjoyed that warm beer
That I had with you my dear
When I hear you crying with my ear
I got mad and crazy with fear
You made me alone here, hey! did you hear?
Where are you, in the heaven or in the hell? Which is near?
I wish I could come to you like an angel with the wings I wear
But I won’t, because you made me alone,

And when I saw you, you were gone.

From inside I was fully torn, like paper bits
I was crushed into a dustbin
Here alone in this world, this universe!!!

***ATHENA SHANVI,***
***IX. A***

# മുത്തശ്ശിക്കൊപ്പം ഒരു യാത്ര

ഒരുപാടുയാത്രകൾ പോയിട്ടുണ്ടതന്നൊന്നും
മുത്തശ്ശിയെ കൂടെ കൂട്ടിയില്ല
ഇന്നാദ്യമായെന്റെ മുത്തശ്ശിയെന്നൊപ്പം
പിൻസീറ്റിൽ, ഞങ്ങളിരുപേരുമാത്രം
ഓടിയകലും മരങ്ങളെ കാണിച്ചു
വിസ്മയിപ്പിക്കാൻ ഞാൻ വെമ്പുന്നേരം
തേങ്ങലടക്കാൻ ശ്രമപ്പെട്ട് മുത്തശ്ശി
ചേർത്തുപിടിക്കുന്നതെന്തിനെന്നെ ?
വൃദ്ധസദനത്തിൽ മുന്നിലെന്നച്ഛൻ
കാറുനിറുത്തിയിറങ്ങിയപ്പോൾ
" കാണില്ല കണ്ണാ ഇനിന്നാമൊരിക്കലും"
ചൊല്ലി മുത്തശ്ശി പുറത്തിറങ്ങി
അമ്മേ അവരിതെങ്ങോട്ടുപ്പോവുന്നു?
അമ്പരപ്പോടെ ഞാനാരാഞ്ഞപ്പോൾ
അമ്മ ചിരിച്ചു , മൊഴിഞ്ഞു " കണ്ണാ
മുത്തശ്ശിയിനിയെന്നുമിവിടെയാണ്
മുത്തശ്ശിയെപ്പോലെ പ്രായമേറുന്നവർ
ഒത്തിരിപ്പേരിവിടെ കൂട്ടിനുണ്ട്"
അച്ഛൻ തനിച്ചുമടങ്ങിയെത്തി , പിന്നെ
സീറ്റുബെൽടിട്ട് കാർ സ്റ്റാർട്ടാക്കവെ

***ചൊല്ലി ഞാൻ " അച്ഛാ പതുക്കെ വിട്ടു വണ്ടി***
***വഴിയാകെ ഞാനും പടിച്ചിടട്ടെ***
***മുത്തശ്ശിപ്പോലെ നിങ്ങളുമാവുമ്പോൾ,***
***വഴിതെറ്റി പോവാതിരിക്കേണ്ടേ ഞാൻ."***
***അച്ഛൻ നടുങ്ങി , ആ കണ്ണുകൾ നിറയുന്ന -***
***തെന്തിനെന്നറിയാതെ ഞാൻ പതുങ്ങി***
***സീറ്റുബെൽട്ടൂരി അച്ഛനിറങ്ങിപ്പോയി***
***വൃദ്ധസദനത്തിലേക്ക് വീണ്ടും***
***മുത്തശ്ശിയോടൊപ്പം തിരികെ വരുന്നേരം***
***എന്തെന്റെ കണ്ണുകളീറനാവാൻ ?***

***അനന്ദ 9 B***

# രേണുക

രേണുകേ നീ രാഗരേണു കിനാവിന്റെ
നീലകടമ്പിൻ പരാഗരേണു
പിരിയുമ്പോഴേതോ നനഞ്ഞകൊമ്പിൽ നിന്നു
നിലതെറ്റിവീണ രണ്ടിലകൾ നമ്മൾ

രേണുകേ നാം രണ്ടു മേഘശകലങ്ങളായ്
അകലലേക്കുമറയുന്ന ക്ഷണഭംഗികൾ
മഴവില്ല  താഴെ വീണുടയുന്ന മാനത്ത്
വിരഹമേഘ ശ്യാമ ഘനഭംഗികൾ

പിരിയുന്നു രേണുകേ നാം രണ്ടു പുഴകളായ്
ഒഴുകി അകലുന്നു നാം പ്രണയശൂന്യം
ജലമുറഞ്ഞൊരു ദീർഘ ശിലപോലെ നീ
വറ്റിവറുതിയായ് ജീർണ്ണമായ് മൃതമായി ഞാൻ
(ഓർമിക്കുവാൻ ഞാൻ നിനക്കെന്തുനല്കണം
ഓർമിക്കണം എന്ന വാക്കുമാത്രം)

***ശ്രുതി കെ***

# രാക്കിളിയുടെ രോദനം

*നിൻ സ്വരമാധുരിതൻ ഈണം ഇന്നെങ്ങുപോയി*
*നിൻ മുഖ ഭാവം തന്നീണമിന്നെങ്ങുപോയി*
*പറയൂ നീ രാക്കിളി നിൻ രോദനമാം*
*വേദന തന്നീണം മൊഴിയുവാനായി*
*സ്വപ്നത്തിൽ  നിന്നെന്നപോൽ രാക്കിളിതൻ*
*ഭാവമാം പച്ചക്കിളിയോടങ്ങേറ്റുപാടി*
*അന്നൊരാ സന്ധ്യയിൽ ഞാൻ വന്നു*
*നോക്കുമ്പോൾ ഹാ! കിടക്കുന്നു*
*എന്നമ്മയും അച്ഛനും*
*ഞാൻ കരഞ്ഞീടുന്നാനേരത്തു സന്ധ്യയിൽ*
*ഞാൻ കടം കൊള്ളുന്ന രാത്രിപോലെ*
*നീചന്മാരാം മനുഷ്യർക്കു വേണമാ*
*നന്മയും കരുണയും ദയാവാക്യവും*
*അന്നു തൻ നേരത്തു ദയയില്ല*
*നീചന്മാർ എരിച്ചു കളഞ്ഞല്ലോ*
*എൻ കൂട്ടുക്കാരെ.*
*പാവമാമെന്നമ്മയും അച്ഛനമാതിയിൽ*
*വെന്തുനീറുന്നതു കണ്ടന്നു ഞാൻ*
*ഞാൻ തനിച്ചായങ്ങു നേരത്തു*

*പിന്നെയാരെയും കണ്ടില്ലാ നാനെന്നതും*
*ലോകാസമസ്താ സുഖിനോഭവന്തുവെന്നരിയാട്ടും*
*ജീവനോ നല്ലവരോ*
*ഈശ്വരാ നോക്കു നീ പാലിയാം മനുഷ്യർ*
*ചെയ്യുന്ന തെറ്റുകൾ കാണുന്നില്ലേ.*
*മാലിന്യകൂമ്പാര മാക്കിക്കഴിഞ്ഞപ്പോൾ നാട്ടും*
*മനുഷ്യനും കാട്ടിൽ വന്നു.*
*നന്നാക്കുകില്ല ഒരിക്കലും ഭൂമിയെ*
*നീചരാം മാനുഷർ ഉള്ളവരെ*
*ദയ നീയമാം നിന്നവസ്ഥ ഞാൻ കാണുന്നു*
*രാക്കിളിതൻ രോദനവാക്യങ്ങളും*
*പ്രതീക്ഷതൻ നാമ്പുകൾ പൊട്ടിവിടരുമാ*
*നാളെതൻ തലമുറ വാക്കുകളിൽ*
*പ്രതീക്ഷിക്കാം നമുക്കൊരാ നല്ല*
*സമൂഹത്തിൽ തലമുറയെ എന്നും*
*രാക്കിളി തന്നോർമ്മ നാളുകളെ*
*നിഗൂഢം*

***ശ്രീരഞ്ജിനി 10 C***

# പാതിരാ സൂര്യൻ



പാതിമാഞ്ഞൊരാ സൂര്യന്റെ
മുമ്പിലായ്
കദനങ്ങൾ തീർക്കുവാൻ
ഞാനിരുന്നു.
അന്നേര മാസന്ധ്യ നേരത്തു
രണ്ടുപേർ
മുഖം മൂടികളെന്നപോൽ വന്നിരുന്നു.
പാതിമാഞ്ഞൊരാ സന്ധ്യതൻ മുമ്പിലായ്
ഞാനോർത്തിരിക്കെ അവർ മൊഴിഞ്ഞു.

നീ പുറത്തേക്കൊന്നു പോയി വരു

ഞാനാഥിതികളെ സ്വീകരിക്കാം.

ചേച്ചിതൻ വാക്കുകൾ കേട്ടൊരാ

നേരത്ത് ഞാൻ പുറത്തേക്കങ്ങു പോയിരുന്നു.

*SREERENJINI RAJU .X C*

# എൻ മാലാഖ

കണ്ണിമവെട്ടാതെ, തറയിൽ വയ്ക്കാതെ
സ്നേഹമായി തലോടലായി എൻ അമ്മ
ചേർത്തിരുത്തി അരികെ കളിപ്പറഞ്ഞു കൂടി
പുഞ്ചിരിതന്നരികെ ചേർത്തിരുത്തി ഉറക്കും
എൻ കാവൽ മാലാഖ അമ്മ

എൻ അനിയത്തിയായി, ചേച്ചിയായി
കൂട്ടുക്കാരിയായി എന്നും എന്നൊപ്പം
അച്ഛൻ ശകാരിച്ചാൽ തലോടലായി അമ്മ
ഡോക്ടറായി, നഴ്സായി, അദ്ധ്യാപികയായി അമ്മ
പ്രകാശത്തിൻ വെളിച്ചമായി -

കണ്ണിമവെട്ടാതെ, തറയിൽ വയ്ക്കാതെ
സ്നേഹമായി തലോടലായി എൻ അമ്മ
ചേർത്തിരുത്തി അരികെ കളിപ്പറഞ്ഞു കൂടി
പുഞ്ചിരിതന്നരികെ ചേർത്തിരുത്തി ഉറക്കും
എൻ കാവൽ മാലാഖ അമ്മ

എൻ അനിയത്തിയായി, ചേച്ചിയായി
കൂട്ടുക്കാരിയായി എന്നും എന്നൊപ്പം
അച്ഛൻ ശകാരിച്ചാൽ തലോടലായി അമ്മ
ഡോക്ടറായി, നഴ്സായി, അദ്ധ്യാപികയായി അമ്മ
എൻ അമ്മ പൊൻ അമ്മ
തിന്മയെ തിരുത്തി നന്മയെ നടത്തി

പൊന്നമ്മ...........
ഇരുട്ടിൽ തണലായി എൻ
കൈ പിടിച്ചുയർത്തി
താങ്ങായി തണലായി അമ്മ
പട്ടിണിയിലും എന്നെ ഊട്ടി

*കഷ്ടതകൾ അറിയിക്കാതെ*
*കെടാവിളക്കായി അമ്മ*
*എന്നും കെടാതെ എന്നൊപ്പം*
*നിൽക്കട്ടെ എൻ അമ്മ.....*

*ഋഷിക.എസ് .IX B*

# കഥകൾ

## നിലവിളി

ഒരു സ്വപ്നത്തിൽ നിന്ന് എന്നപോലെ ഞെട്ടിയുണർന്നവൻ കണ്ണുകൾ തിരുമ്മി, കണ്ണുുകൾക്ക് ഒരു മങ്ങൽ ഒരു നിമിഷം മുൻപ് കൺമുന്നിചെന്നപോലെ കണ്ടെതെന്താണ് അവൻ ഓർത്തെടുക്കാൻ ശ്രമിച്ചു.

അമ്പലമണികൾ നിയ്ക്കാതെ മുഴങ്ങുന്നുണ്ടായിരുന്നു. അതിനിടയിലൂടെ ഒരു പെൺ കുട്ടിയുടെ നിലവിളി, തടർച്ചയെന്നോണം അലയടികൾ പല ദിക്കുകളിൽ നിന്നും ഉയരുന്നു. അവ ഒന്നായി ഭയാനകമായ ഇതുവരെ  കേൾക്കാത്ത ശബ്ദമായി അവൻ കാതുകൾ പോത്തി. കണ്ണുകൾ അടച്ചു പിടിച്ചു.

പതുക്കെ നിലവളികൾ നിലച്ചു. ആശ്വസത്തോടെ കണ്ണുകൾ മെല്ലെ തുറന്നു, ഞെട്ടി വിറച്ചു പോയി.തലയോട്ടു
പൊട്ടി ചോരയൊലിപ്പിച്ചു കൊണ്ട് ഒരു കുഞ്ഞ് കരയാൻ പോലും ശക്തിയില്ലാതെ ദൈന്യതയോടെ
നോക്കികൊണ്ട് തൊട്ടുമുൻപിൽ നില്ക്കുന്നു. നട്ടൽ പൊള്ളലേറ്റ പാടുള്ളവർ,തല്ല് കൊണ്ട് കൈകാലുകൾ

ഒടിഞ്ഞവർ ബാല്യം മാറാതെ വീർത്ത വയറുമായി നിന്നവർ, ശരീരം മുഴുവൻ തല്ലുകൊണ്ട് നീരുവന്ന് വീർ-ത്തവർ.

നിഷ്കളങ്ക ബാല്യത്തിന്റെ നിറപുഞ്ചിരിയോടെ വിരിയേണ്ട ചുണ്ടുകളിൽ നേർത്ത വിതുമ്പൽ മാത്രം കുസൃതി നിറയേണ്ട കണ്ണുകളിൽ ദൈന്യതകലർന്ന നോട്ടം മാത്രം.
ആ മുഖങ്ങൾ മനസ്സിൽ നിന്നും മായുന്നില്ല. അവനൊന്ന് ഉറക്കെ കരയണമെന്നുണ്ടായിരുന്നു. ശബ്ദം പറയ-ഞ്ഞു വരുന്നില്ല. കണ്ണിൽ നിന്നും ഒരിറ്റു കണ്ണുനീര് വരുന്നില്ല.
അവന് സംശയമായി യഥാർത്ഥത്തിൽ തന്റെ നാവ് നിശ്ചയമായോ ചെവികൾ അടഞ്ഞുതന്നെ കിടക്കുകയാണോ, തന്റെ കാഴ്ചകൾക്ക് മങ്ങലേറ്റോ.....?

*കാവ്യ. ജി. സി ,VIII C*

# നിറങ്ങളില്ലാത്ത ലോകം

അന്ന് നല്ല മഴയായിരുന്നു. ഇലകൾ കാറ്റത്ത് തെന്നി തെന്നി ആടുന്നുണ്ടായിരുന്നു. പൂക്കളിലും മരങ്ങളിലുമെല്ലാം മഴത്തുള്ളികൾ പതിച്ചിട്ടുണ്ടായിരുന്നു. എന്തുകൊണ്ടും ഒരു തണുത്ത മഴക്കാലം എന്നും പറയാം. വിജിൻ തന്റെ കിടപ്പുമുറിയിൽ ഏകാന്തനാണ്. ഒരു പുസ്തകം തന്റെ മുന്നിൽ വച്ച അവൻ ചിന്തകളിൽ ആണ്ടുകിടക്കുകയാണ്. പെട്ടെന്ന് അവൻ തന്റെ കസേരയിൽ നിന്ന് ചാടിയെഴുന്നേറ്റു. "**അമ്മേ അമ്മേ...**" എന്ന് ഉറക്കെ താഴെ കേൾക്കുന്ന വിധം അവൻ അലറി.

ഇതു കേട്ട അവന്റെ അമ്മ ഒന്നും തിരിയാത്ത മട്ടിൽ പറഞ്ഞു "**എന്തിനാ മോനെ ഇങ്ങനെവിളിച്ചുകൂവുന്നത്? അമ്മേ, അമ്മയ്ക്കൊന്ന് ഇവിടം വരെ ഒന്ന് വരാമോ? അല്ലെങ്കിൽ വേണ്ട ഞാൻ അങ്ങോട്ട് വരാം.**" ഇങ്ങനെ പറഞ്ഞു കൊണ്ട് അവൻ നിശബ്ദതയോടെ തന്റെ അമ്മയുടെ അരികിൽ ചെന്നുനിന്നു. എന്നിട്ട് മിഴിവിടർത്തി ചുവന്നചുണ്ടുകളുമായി കൈ പിറകിൽ കെട്ടിയതിനു ശേഷം അവൻ പതുക്കെ പറഞ്ഞു.

"**അമ്മേ ഞാൻ എന്തുകൊണ്ടാണ് ഇത്ര കറുത്ത് പോയത്? എന്റെ ക്ലാസിലുള്ള മറ്റെല്ലാകുട്ടികളും വെളുത്തിട്ടാണല്ലോ? എല്ലാവരും എന്നെ നോക്കി ചിരിക്കുന്നത് എന്തു കൊണ്ടാണ്?**" അവന്റെ അമ്മയ്ക്ക് ദേഷ്യം വന്നു "**പോയിരുന്നു പഠിക്കെന്റെ ചെറുക്കാ. അവൻ കറുപ്പും വെളുപ്പും താരതമ്യം ചെയ്യാൻ വന്നിരിക്കുന്നു.**"

ഇതു കേട്ടയുടൻ അവന്റെ കണ്ണിൽ ചുട്ട കണ്ണീർ മുഖത്തുകൂടി ഒലിച്ച് നിലത്തു പ്രാപിച്ചു. അവന്റെ ചുണ്ടുകൾ വരണ്ടുണങ്ങാൻ തുടങ്ങി. "**എനിക്ക് എന്റെ പുതിയ സ്കൂളിൽ പഠിക്കണ്ട. ഞാൻ എന്റെ അഞ്ചാം ക്ലാസ്സ് വീട്ടിൽ ഇരുന്ന് കൊണ്ട് തന്നെ പഠിച്ചോളാം. എങ്കിലും ഈ വെള്ളക്കാരുടെ സ്കൂളിൽ പോകില്ല.**" വിജിൻ പൊട്ടി കരഞ്ഞു.

*ഇതു കണ്ട അവന്റെ അമ്മയ്ക്ക് വിഷമമായി. അവന്റെ അമ്മ അവനെ മാറോടുചേർത്തിട്ട് അവനെ തലോടി കൊണ്ട് കാര്യം എന്താണെന്ന് ചോദിച്ചു. അവൻ പൊട്ടി കരഞ്ഞു കൊണ്ട് പറഞ്ഞു.* ***"എല്ലാരും എന്നെ കറുമ്പാ എന്നാണ് വിളിക്കുന്നത്. ഞാൻ സാത്താന്റെ ഒരു അവതാരമാണെന്നും എനിക്ക് ഈ സ്കൂളിൽ പഠിക്കാൻ യോഗ്യത ഇല്ലെന്നും അവർ പറയുന്നു."***

*ഇതു കേട്ട അവന്റെ അമ്മ ഒരു ചെറുപുഞ്ചിരി മുഖത്തുവിരിയിച്ചു കൊണ്ടു പറഞ്ഞു,* **"ഹും എനിക്ക് വയ്യ " എന്നാലും എന്റെ വിജിനെ നീ ഇങ്ങനെ ഒരു കിറുക്കനായിപോയല്ലോ ,** ***എന്താ അമ്മെ ?*** *അവനും ഒന്നും പിടികിട്ടാത്ത മട്ടിൽ ചോദിച്ചു. അവന്റെ അമ്മ അവന്റെ മുഖത്തുള്ള കണ്ണുനീർ തുടച്ചുകൊണ്ട് പറഞ്ഞു* **"കറുത്താൽ സാത്താന്റെ അവതാരമെന്നോ എങ്കിൽ പിന്നെ ഭഗവാൻ കൃഷ്ണനും ശിവനുമെല്ലാം നമ്മുടെ ദൈവം എങ്ങനെയാണായത് ? കറുപ്പിനും വെളുപ്പിനും അതിന്റേതായ അഴകുണ്ട് എന്ന് നീ മനസ്സിലാക്ക്."** *വിജിന് തന്റെ അമ്മയുടെ വാക്ക് കേട്ടിട്ട് അല്പം ആശ്വാസമായെങ്കിലും അവൻ പൂർണ്ണമായും സന്തുഷ്ടനായില്ല.* ***"അപ്പോൾ ഞാൻ ഭഗവാന്റെ അവതാരമെന്നാണോ അമ്മ പറയുന്നത് ?"*** **"എന്നല്ല ഈ പ്രപഞ്ചത്തിലുള്ള എല്ലാനിറത്തിനും അതിന്റേതായ മാഹാത്മ്യം ഉണ്ട്.എല്ലാമനുഷ്യനും വെളുത്തതാണെങ്കിൽ പിന്നെ കറുപ്പെന്ന നിറം ഉത്ഭവിക്കുമായിരുന്നൊ? ഈ പ്രകൃതിതന്നെ ഇലകൾ പച്ചയും ആകാശം നീലയുമാണ്. അതെല്ലായെങ്കിൽ പിന്നെ നമ്മൾ ഇന്ന് കാണുന്ന ഭംഗി ഈ പ്രകൃതിക്കുണ്ടാകുമായിരുന്നൊ? അതുപോലെതന്നെ നമ്മുടെ മുടി തുടക്കത്തിൽ കറുപ്പാണെങ്കിലും വാർദ്ധക്യത്തുൽവെളുത്താണിരിക്കുന്നത്.അന്ന് നമ്മൾ വെളുപ്പിനെ വെറുക്കും , തന്റെ മുടികറുപ്പിക്കാൻ ശ്രമിക്കും.അപ്പോൾ കറുപ്പ് മോശം നിറമാണോ?"**

*വിജിൻ ഇളം പുഞ്ചിരി മുഖത്ത് വിടർത്തി കൊണ്ട് പറഞ്ഞു.* ***"ഹൊ ഞാനിത്രയൊന്നും ചിന്തിക്കാനൊന്നും പോയില്ല. ഇപ്പോൾ കുറച്ചാശ്വാസം തോന്നുന്നു."*** **"മോനെ പ്രതിസന്ധികൾ നേരിടാൻ നമുക്കൊരു ചങ്കുറപ്പ് വേണം അതൊക്കെയാണ്**

**ജീവിതം. ഇനിയും നീ കരഞ്ഞുകൊണ്ടിരുന്നാൽ പറ്റില്ല . ഇനിമുതൽ പ്രശ്നങ്ങൾ നീ ഒരു പുഞ്ചിരിയൊടെ നേരിടണം കേട്ടൊ."** *"ഉം" എന്ന് അവൻ നാണത്തോടെ മൂളി.*

*അതീന ഷാൻവി IX A*

# യാത്ര

ഒരു നീണ്ട സ്കൂൾ ജീവിതത്തിന് ശേഷം അമ്മുവിന് ലഭിച്ച ഒരു അവധിക്കാലം. ഇത്തവണ അവൾ ഒരു വിനോദയാത്രക്ക് തയ്യാറെടുക്കുന്നു.അമമുവും അച്ഛനും അമ്മയും ചേർന്നൊരു യാത്ര. അവൾക്ക് സ്വർഗ്ഗം പിടിച്ചടക്കിയ പ്രതീതിയായിരുന്നു.തിരക്ക് പിടിച്ച ഒരു നീണ്ട കാലം കടന്നുപോയി.പേമാരി ഇടവിട്ട ദിവസങ്ങളിൽ പെയ്ത് മാറുന്നു.അങ്ങനെയിരിക്കെ പിറേറന്ന് അവൾ യാത്ര പുറപ്പെടാനൊരുങ്ങി.അമ്മുവിന്ടെ മനസ്സിൽ എന്തെന്നില്ലാത്ത സന്തോഷം.അവളുടെ മനസ്സിലൂടെ എന്തെല്ലാമോ മിന്നിമായുന്നു.

പെട്ടെന്ന് പുഞ്ചിരിയാർന്ന് നിൽക്കുന്ന സൂര്യനോട് എന്തോ വൈരാഗ്യം ഉള്ളതുപോലെ കറുത്ത മേഘങ്ങൾ സൂര്യനെ വിഴുങ്ങുന്നു.കാററ് അലയടിക്കുന്നു.പിന്നെ ശക്തമായി മഴ പെയ്തു.അമ്മുവിന്ടെ സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കും മേൽ മഴ താണ്ഡവമാടി.അങ്ങനെ ആ വിനോദയാത്ര മുടങ്ങി.അമ്മു നെയ്ത സ്വപ്നങ്ങളും ആഗ്രഹങ്ങളും പേമാരിയേപ്പോലെ പെയ്തിറങ്ങി.ഒരു

നിമിഷം കൊണ്ട് എല്ലാം തകർന്നു.സ്കൂൾ തുറക്കാൻ രണ്ട് ദിവസം മാത്രം ബാക്കി നിൽക്കെ ആ മഴ അമ്മുവിന് തീരാസങ്കടമായി.

*തൃഷ്ണ XC*

# ശാന്തയുടെ കുരുട്ടുബുദ്ധി

ഒരു കൊച്ചു ഗ്രാമത്തിലായിരുന്നു ആ കുടുംബം താമസിച്ചിരുന്നത്.ശാന്തയും ഭർത്താവും കുട്ടികളുംഉള്ള ഒരു ചെറിയ കുടുംബമായിരുന്നഅത്.ആകുടുംബംഅധികവുംപട്ടിണിയിലായിരുന്നു.ഭ ക്ഷണം കിട്ടാതെ ആ കുട്ടികൾ നിലവിളിക്കുമായിരുന്നു.ഇത് ശാന്തയേയും ഭർത്താവിനേയും വളരെ അധികം സങ്കടപ്പെടുത്തിയിരുന്നു.അപ്പോഴാണ് ശാന്ത ചന്ദ്രേട്ടന്ടെ വീട്ടിലെ പ്ലാവ് കാണുന്നത്.അതിലെ ഒരു ചക്ക കിട്ടിയിരുന്നെങ്കിൽ തന്ടെ കുട്ടികളുടെ വിശപ്പ് മാററാമായിരുന്നു എന്ന് അവൾ ചിന്തിച്ചു.ആ ബുദ്ധി അവൾ ഭർത്താവിനോട് സൂചിപ്പിച്ചു.ഭർത്താവ് പറഞ്ഞു ഞാനില്ല ഇതിനൊന്നും.ചക്ക വീഴുന്ന ശബ്ദം കേട്ട് നാട്ടുകാർ വന്നാൽ പിന്നെ അതു മതി ഞാൻ ഒരു പെരുങ്കള്ളനാകാൻ.ഇത് കേട്ടപ്പോൾ ശാന്തക്ക് വേറൊരു ബുദ്ധി തോന്നി.അവൾ പറഞ്ഞു എന്നാൽ അത് വേണ്ട,ചക്കയ്ക്ക് ഒരു കയർ കെട്ടി താഴ്ത്തിയാൽ മതി .എന്നാൽ ആർക്കും സംശയം തോന്നില്ല.കുട്ടികളുടെ വിശപ്പ് അടക്കാനല്ലേ എന്ന് ഓർത്ത് അയാൾ സമ്മതിച്ചു.പിറേറന്ന് രാത്രി അയാൾ ചന്ദ്രേട്ടന്ടെ വീട്ടിൽ പോയി പ്ലാവിൽ കയറി.അപ്പോൾ ചന്ദ്രാട്ടൻ മുററത്തേക്കിറങ്ങി വരുന്നത് അയാൾ കണ്ടു.ഇത് കണ്ടപ്പോൾ ശാന്തക്ക് പേടിയായി.അപ്പോൾ അവൾ ഉച്ചത്തിൽ നിലവിളിച്ചു.എന്ടെ ഭർത്താവ് തൂങ്ങിച്ചാവാൻ പോകുന്നേ,ആരെങ്കിലും ഒന്ന് രക്ഷിക്ക്ണേ .ഇത് കേട്ട് ചന്ദ്രേട്ടൻ

അവളുടെ അടുത്ത് ചെന്നു എന്താ കാര്യം എന്ന് അന്വേഷിച്ചു.അവൾ പറഞ്ഞു കുട്ടികൾ എന്നും പട്ടിണി കിടന്ന് കരയുന്നത് കേട്ട് സഹിക്കാൻ ആകാതെ തൂങ്ങിച്ചാകാൻ പോയതാ.ഒന്ന് രക്ഷിക്കണേ..ചന്ദ്രേട്ടൻ ഓടിച്ചെന്ന് അയാളെ താഴെയിറക്കി.എന്നിട്ട് പറഞ്ഞു നീ എന്തിനാ മരിക്കുന്നേ എന്നോട് പറഞ്ഞാ പോരെ ഞാൻ പ്ലാവിലെ രണ്ട് മൂന്ന് ചക്ക തരുലേ.നീ എന്തിനാ ഈ പണിക്ക് പോയേ.ഭർത്താവ് തിരിച്ച് വീട്ടിൽ എത്തിയപ്പോൾ ശാന്ത പറഞ്ഞു.എങ്ങിനെയുണ്ട് എന്റെ ബുദ്ധി.ഭർത്താവ് പറഞ്ഞു നിന്നെ സമ്മതിച്ചു .നിന്റെ കുരുട്ട് ബുദ്ധിയേ.ആ ചക്ക കിട്ടിയപ്പോൾ ആ കുട്ടികൾക്ക് സന്തോഷമായി.ഇതാണ്ശാന്തയുടെ കുരുട്ട്ബുദ്ധി.യ

ഐതിഹ്യ IX A

# ഒരു സെൽഫി കഥ

പതിവിലും നേരത്തെ ഓഫീസിൽ നിന്നിറങ്ങി... ബസിൽ പൊതുവെ തിരക്ക് കുറവായിരുന്നു. പിറകിലത്തെ സൈഡ്സീറ്റിൽ ഇരുന്നു. അല്ലെങ്കിലും സൈഡ് സീറ്റിലൂടെ കാഴ്ചകൾ കാണുക എന്നത് എനിക്ക് ഹരമായിരുന്നു. അതിനെ പറ്റി അവൾ എന്നെ എപ്പോഴും കളിയാക്കും... അടുത്ത് ഒരു പയ്യൻ വന്നിരുന്നപ്പോഴാണ് ഓർമ്മകളിലേക്ക് പോവാൻ കാത്തിരുന്ന എന്റെ മനസ്സ് എന്നിലേക്ക് തന്നെ ഒതുങ്ങിയത് .

അവൻ ഫോണിൽ എന്തൊക്കെയോ കുത്തി കുറിക്കുന്നു ചിരിക്കുന്നു, മുഖം വക്രിച്ച് സെൽഫിയെടുക്കുന്നു. വീണ്ടും ചിരിക്കുന്നു മുന്നോട്ടും പിറകോട്ടും ചാഞ്ഞ് സെൽഫിയെടുക്കുന്നു. ഞാൻ ഒന്ന് അവനെ സൂക്ഷിച്ചു നോക്കി.
എന്റെ മകനാകാനുള്ള പ്രായമേ ഉള്ളൂ എന്ത് കോലാ ഇത്. ഇവനൊക്കെ കാണുമ്പോൾ വീട്ടിലിരിക്കുന്ന മകനോട് ഒക്കെ ബഹുമാനംതോന്നുവാ. ഒന്നുമില്ലെങ്കിലും അവന് സെൽഫി ഭ്രാന്തല്ലേ ഉള്ളൂ. ഇതുപോലുള്ള കോപ്രായമില്ലല്ലോ......

ബസ്സ് ഒരു ഞെരുക്കത്തോടെ സ്റ്റോപ്പിൽ നിന്നു. വീട്ടിലേക്കുള്ള വഴിയിൽ ചെറുപ്പക്കാർ എല്ലാം തലകുനിച്ചും പ്രായമായവർ തല ഉയർത്തിയും ഇരിക്കുന്നതു കണ്ടപ്പോൾ ആശ്വാസം തോന്നി. ഭാഗ്യം പ്രായമായവർ ഫോണിൽ കുത്തിക്കളിക്കുന്നില്ലല്ലോ.വീട്ടിൽ ഒച്ചയും ബഹളവും ഒന്നുമില്ല.

**അവൾ അടുക്കളയിൽ ആയിരിക്കും.പാവം എന്റെ കൂടെ ഇറങ്ങി വന്നതിനു ശേഷം സന്തോഷം എന്തെന്നറിഞ്ഞിട്ടില്ല.**

**എന്നാലും അവൾ ഇന്നും എന്റെ പഴയ കാമുകിയ.... എന്റെ സ്നേഹത്തിന്റെ കൊതിക്കുന്ന കാമുകി, മകൾ മകളുടെ ഫോണിലും മകൻ ആരോടോ ഫോണിൽ സംസാരിക്കുന്നു. എന്നെ പറഞ്ഞാൽ മതി ഞാനാണല്ലോ അവർക്ക് ഫോൺ വാങ്ങി കൊടുത്തത് .**

**കുളിച്ച് വരാന്തയിലിരുന്ന് ഒഫീസിലെ കണക്കുകൾ നോക്കുന്നതിനിടയ്ക്കാണ് അടുക്കളയിൽ നിന്ന് അവളുടെ കരച്ചിൽ കേട്ടത് .ദൈവമേ അവൾക്കൊന്നും വരുത്തല്ലേ എന്ന് പറഞ്ഞ് കൊണ്ട് ഓടിയപ്പോൾ വിറക് കൊള്ളിയുമായി അവൾ ആശ്വാസം അവർക്കല്ല ഒരു നേരിയ പുഞ്ചിരി മനസ്സിൽ വിരിഞ്ഞത് പുറത്ത് കാണിക്കാതെ ദേഷ്യം നടിച്ച് ഓടി അവളുടെ അരികിലേക്കു പോയി.**

**അവൾ ദേഷ്യത്തോടെ നോക്കി നിന്നു, അവൻ അവളെ നോക്കി . അവർ ഒന്നിച്ച് മുറിയിൽ കയറി ഇരുന്നു ..........**

**ഹരിദേവ്**

# ആക്സ് മാൻ

ഒരു ഗ്രാമത്തിൽ ഒരു നാട്ടുവാഴിയുണ്ടായിരുന്നു. ആ നാട്ടുവാഴിയുടെ പേരാണ് സുബയ്യ. സുബയ്യക്ക് ഒരു സുന്ദരിയായ മകളുണ്ടായിരുന്നു.അവളുടെ പേരാണ് മലർവിഴി. ഒരു ദിവസം മലർവിഴിയും അവളുടെ കൂട്ടുകാരികളും ചേർന്ന് കാട്ടിലൂടെ നടക്കുമ്പോൾ ഒരു മരത്തിനുമുകളിൽ പൂത്തുനിൽക്കുന്ന പൂക്കൾ കണ്ടു. അത് പറിക്കാൻ അവൾ ആ മരത്തിൽ കയറി പൂ പറിച്ചു ഇറങ്ങാൻ ശ്രമിച്ചു. പക്ഷെ അവൾ ഇറങ്ങാൻ സാധിച്ചില്ല. ആ മരത്തിന്റെ പൊത്തിൽ നിന്നും വെള്ളം താഴേക്ക് ഒഴുകുന്നുണ്ടായിരുന്നു. അതു കൊണ്ട് ആ മരം നന്നേ വഴുക്കുന്നുണ്ടായിരുന്നു അതു കാരണം അവൾക്ക് ഇറങ്ങാൻ സാധിച്ചില്ല. ഈ സമയം ജർമനിയിൽ നിന്നു കാടു ചുറ്റികാണാൻ വന്ന ജോണും ഫാമിലിയും കാട്ടിൽ ഉണ്ടായിരുന്നു. ജോൺ ഫോട്ടോ എടുക്കാൻ വേണ്ടി ഒരു ഭംഗിയുള്ള പൂമ്പാറ്റയുടെ അടുത്ത് ചെന്നതും അത് പറന്നു ഒരു മരത്തിന്റെ താഴത്തെ ചില്ലയിൽ ഇരുന്നു. അവന് ഒരു വടിയെടുത്ത് വെറുതെ പൂമ്പാറ്റയെ ഒന്നെറിഞ്ഞു. അത് നേരെ ചെന്ന് കൊണ്ടതും അടുത്തുള്ള തേനീച്ചക്കൂട്ടിലും. തേനീച്ചക്കൂട്ടം ജോണിന്റെ പിന്നാലെ പറന്നു. ജോൺ തന്നെ കൊണ്ട് പറ്റുന്നത്രവേഗത്തിൽ ഓടി. പക്ഷേ തേനീച്ചക്കൂട്ടം അവനെ വിട്ടില്ല. തേനീച്ച അവന്റെ ദേഹമാസകലം കുത്തി. അവൻ ആ മുറിവുകൾ കൊണ്ട് മെല്ലെ ഗ്രാമത്തിലേക്ക് തിരിച്ചു.അവൻ പോകുന്ന വഴിയിൽ ഒരു മനോഹരമായ ഒരു ഗുഹ കണ്ടു. ആ ഗുഹ ഒരു വയസ്സായ അപ്പൂപ്പന്റെതായിരുന്നു. ആ അപ്പൂപ്പൻ എഴുപത് വർഷമായി അവിടെ താമസിക്കുന്നു എന്ന് ഒരാൾ പറഞ്ഞത് അവന്

ഓർത്തു. അവന് ആ ഗുഹയ്ക്കകത്ത് കയറി.ആ ഗുഹയിൽ ഒരു മൂലയിൽ ഒരു കോടാലിയും, ഒരു മാലയും, ഒരു മോതിരവും ഉണ്ടായിരുന്നു. അവന് അവിടെ കണ്ട വള്ളിക്കട്ടിലിൽ കയറി കിടന്നു. അവന്റെ ക്ഷീണം കാരണം അവന് വേഗം ഉറങ്ങിയിരുന്നു.

അവന് ഉറങ്ങിയെഴുന്നേൽക്കുമ്പോൾ മേലാസകലം പച്ചമരുന്നുകൾ വച്ചു കെട്ടിയിരുന്നു. അവിടെ ഉണ്ടായിരുന്ന വൃദ്ധനോട് ജോൺ ചോദിച്ചു :"താങ്കളാണോ ആ ഗ്രാമവാസികൾ പറയുന്ന ആക്സ്മാൻ." വൃദ്ധൻ പറഞ്ഞു :"അതെ ഞാനാണ് ആക്സ് മാൻ. ഞാൻ ഈ ഗുഹയിൽ താമസിക്കാൻ തുടങ്ങിയിട്ട് എഴുപത് വർഷമായി."താങ്കളപ്പോൾ നാട്ടിലേക്കൊന്നും പോകാറില്ലെ ജോൺ ആരാഞ്ഞു. ഇല്ല, എനിക്ക് ഇരുപത് വയസ്സുള്ളപ്പോൾ ഞാനിവിടെ വന്നതാ ആക്സ് മാൻ പറഞ്ഞു. പ്രായം ആകുന്തോറും എന്റെ ശക്തി ശയിച്ചു കൊണ്ടിരിക്കുന്നു. അത് കൊണ്ട് ആരും കാണാത്ത ഈ ഗുഹയിൽ ഞാൻ താമസിച്ചു. എനിക്ക് ഇനി ഒരു നാഴിക മാത്രമേ സമയം ഉള്ളൂ. അതിനു ശേഷം ഞാൻ മരിച്ചു പോകും. ആക്സ് മാൻ പറഞ്ഞു. ജോൺ ചോദിച്ചു ;നിങ്ങൾ മരിച്ചു പോയാൽ ഇവിടുത്തെ കാടിനേയും ഗ്രാമത്തേയും ആര് രക്ഷിക്കും?"അതിന് നീ ഉണ്ടല്ലോ. ഞാൻ നിനക്ക് ഒരു പാനീയം തരാം,അത് കുടിച്ചിട്ട് നീ ഉറങ്ങ്.അതിന് ശേഷം ആ കോടാലിയും, എന്റെ മാലയും നീ അണിയണം. ഇതെല്ലാം അണിഞ്ഞതിനു ശേഷം മാത്രമേ മോദിരം അണിയാൻ പാടുള്ളൂ".ഇതും പറഞ്ഞു ആക്സ് മാൻ ഒരു മൂലയിൽ ഇരുന്നു. ജോൺ പാഞ്ഞിയം കുടിച്ച് ഉറങ്ങാൻ തുടങ്ങി. അവൻ ഉറങ്ങി എഴുന്നേൽക്കുമ്പോഴേക്കും ആക്സ് മാൻ മരിച്ചിരുന്നു. അവൻ ആ കോടാലിയും,മാലയും അണിഞ്ഞു എന്നിട്ട് ആ മോതിരവും അണിഞ്ഞു. ഇതെല്ലാം അണിഞ്ഞപ്പോൾ വൃദ്ധന്റെ ശക്തി മുഴുവൻ ജോണിനു ലഭിച്ചു.

ജോണിനെ കാണാൻ ഒരു പഴയ യുദ്ധത്തിലുള്ള പടയാളിയെ പോലുണ്ടായിരുന്നു. അപ്പോഴാണ് ആക്സ്മാൻ (ജോൺ) ഒരു കരച്ചിൽ കേട്ടത്. "രക്ഷിക്കണേ.........". അത് മരത്തിൽ കുടുങ്ങിയ മലർവിഴിയുടേതായിരുന്നു. ഇരുട്ടായത് കൊണ്ട് അവളുടെ കൂട്ടാരികൾ ഗ്രാമത്തിലേക്ക് മടങ്ങിയിരുന്നു. ആക്സ്മോൻ പറന്നു വന്ന് മലർവിഴിയെ മരത്തിൽ നിന്ന് താഴെയിറക്കി വിട്ടിൽ കൊണ്ടാക്കി. ഇരുട്ടായതിന്നാൽ അവൾ വേഗം വീട്ടിൽ കയറി വാതിലടച്ചു. അവൾ മുറിയിൽ കയറി കിടന്നു. രാവിലെ സുബ്ബയ്യ മലർവിഴിയോട് ചോദിച്ചു "നീ രാത്രി എവിടെയായിരുന്നു മോളെ". മലർവിഴി നടന്നതെല്ലാം വിവരിച്ചു. അവൾക്ക് പക്ഷെ തന്നെ രക്ഷിച്ചവൻ ആരാണെന്ന് മനസ്സിലായില്ല. അപ്പോൾ അവളുടെ അമ്മ പറഞ്ഞു "മോളേ നിന്നേ രക്ഷിച്ചത് ആക്സ്മാനാണ് അവർ എന്നേയും പാമ്പിന്റെ അടുത്ത് നിന്നും രക്ഷിച്ചിട്ടുണ്ട് "

**അപ്പോൾ തന്നെ ആ നാടുവാഴി സുബ്ബയ്യ ഒരു മരച്ചുവട്ടിൽ എല്ലാവരെയും വിളിച്ചു കൂട്ടി ചോദിച്ചു "നിങ്ങൾ ആരെങ്കിലും ആക്സ് മാനെ കണ്ടിട്ടുണ്ടോ".അപ്പോൾ അവിടുണ്ടായിരുന്ന വൃദ്ധൻ പറഞ്ഞു "ഞാൻ എന്റെ കുട്ടിക്കാലത്ത് ആക്സ് മാനെ കണ്ടിട്ടുണ്ട്". ആ കൂട്ടത്തിൽ ജോണിന്റെ അമ്മ ഉണ്ടായിരുന്നു. ചർച്ചക്കിടെ അമ്മ പറഞ്ഞു "എന്റെ മകനെ കാണാനില്ല. ഇന്നലെ ഞങ്ങളുടെ കൂടെ കാട്ടിൽ കയറിയിരുന്നു പിന്നെ കാണാനില്ല. ഞങ്ങൾ വിചാരിച്ചു അവൻ ഗ്രാമത്തിൽ വന്നു എന്ന്". അപ്പോഴേക്കും ആക്സ് മാൻ അവിടെ പ്രത്യക്ഷപ്പെട്ടു. എന്നിട്ട് പറഞ്ഞു "നിങ്ങൾ കണ്ട ആക്സ് മാൻ ഇന്നലെ മരിച്ചു പോയി. ഞാനാണ് നിങ്ങളുടെ പുതിയ ആക്സ് മാൻ". അപ്പോഴാണ് ജോൺ (ആക്സ് മാൻ )തന്റെ അമ്മയെയും, അച്ഛനെയും കണ്ടത്.അമ്മയുടെ നേരെ തിരിഞ്ഞു**

**ജോൺ പറഞ്ഞു "അമ്മേ ഇതു ഞാനാണ് അമ്മയുടെ മകന് ജോൺ". നടന്നതെല്ലാം ജോൺ നാട്ടുകാരോടും, മാതാപിതാക്കളോടും വിവരിച്ചു. അങ്ങനെ ജോൺ ആക്സ് മാനായി കാടിനേയും ഗ്രാമത്തേയും സംരക്ഷിച്ചു പോന്നു**

***Shreehari. VIII .C***

# ഒറ്റപ്പെടലിൽ നിന്നുള്ള മോചനം

***ഞാൻ വളർന്നത് ഒരു അനാഥാലയത്തിൽ ആയിരുന്നു .എനിക്ക് ഓർമ്മവെച്ചക്കാലം മുതൽ ഞാൻ അവിടെ കൂട്ടുക്കാർക്കൊപ്പവും കുറേ അമ്മമാർക്കൊപ്പവുമാണ് കഴിഞ്ഞത് അവരോടൊപ്പം കഴിഞ്ഞപ്പോഴൊന്നും എനിക്ക് പൂർണ്ണ സന്തോഷം കൈവരിക്കാൻ സാധിച്ചിരുന്നില്ല .അവിടെ തൊട്ടടുത്തുള്ള സ്കൂളിലാണ് ഞാൻ പഠിച്ചത് .അവിടെയുള്ള കൂട്ടുകാരെ സ്വന്തം അമ്മയും അച്ഛനും കൊണ്ടുവിടുമ്പോൾ എനിക്കും ഏറെ സങ്കടം തോന്നാറുണ്ട് എനിക്കും അതു പോലൊരു സന്തോഷം കിട്ടിയില്ലല്ലോ എന്നോർക്കുമ്പോൾ പലപ്പൊഴും ഞാൻ കരഞ്ഞിട്ടുണ്ട് .എന്നെ അവിടെയിള്ള അമ്മമാർ ലക്ഷ്മി എന്നാണ് വിളിക്കുന്നത് .ഞാൻ മൂന്നാം തരം എത്തിയപ്പൊൾ ദത്തെടുക്കാൻ വേണ്ടി ഒരു കുടുംബം അവിടെക്ക് വന്നു .ഞാൻ അന്ന് ഏറെ പ്രാർത്ഥിച്ചു എന്നെ ആവണം എന്ന് .പ്രാർത്ഥന ഫലിച്ചു അവർ എന്നെ തന്നെ ദത്തെടുത്തു .എന്നെ തേടി ആദ്യമായും അവസാനമായും വന്ന അതിഥി ,എന്റെ ജീവിതം മാറ്റി മറിക്കാൻ വന്ന ദൈവം .അന്നുതന്നെ ഞാൻ അവരോടൊപ്പം പോയി .എന്നാലും എന്നിൽ ചെറിയ ഒരു സങ്കടം ഉണ്ടായിരുന്നു .ആദ്യം മുതൽ നിന്ന വീടും ഒപ്പം ആൾക്കാരെയും വിട്ടു പോയതുകൊണ്ട് .***

***വീട്ടിൽ വന്നു അവർ എന്നോട് അമ്മ ,അച്ഛൻ എന്ന് വിളിക്കാൻ പറഞ്ഞു . ഞാൻ അനുസരിച്ചു .അവർ എന്റെ പേര് ചെറുതായൊന്ന് മാറ്റി ആദിലക്ഷ്മി എന്നാക്കി .പിന്നെ ഞാനു മാറി എന്റെ സ്കൂൾ ,കൂട്ടുകാർ ,ഉടുപ്പുകൾ ,ജീവിത ശൈലി എല്ലാം മാറി .അവർക്കെന്നെ വളരെ ഇഷ്ടമായിരുന്നു .എന്നെ കൂട്ടി കുറെ സ്ഥലങ്ങളിൽ പോയി .എനിക്ക് വേണ്ടതെല്ലാം വാങ്ങിത്തന്നു .വീട്ടിലെ എല്ലാവർക്കും എന്നെ ഇഷ്ടമാണ് .മുത്തശ്ശി ,മുത്തശ്ശൻ , മാമി ,മാമൻ , അപ്പു എല്ലാവർക്കും അപ്പു മാമന്റെ മോനാണ് .അവന് എന്നെ***

***കുഞ്ഞേച്ചി എന്ന് വിളിച്ച് പുറകെ വരും .നമ്മൾ ഒരുമിച്ചാണ് സ്കൂളിൽ പോകാറുള്ളത് .ഒപ്പം കളിക്കും എല്ലാം അങ്ങനെ എന്റെ ജീവിതം മനോഹരമായി തീർന്നു സന്തോഷവും സമാധാനവും നിറഞ്ഞ ജീവിതം .***

*ഋഷിക.എസ്. IX B*

# എന്നെ തേടിവന്ന അതിഥി

അന്ന് ,ജ്യൂൺ ഒരു ചൊവ്വാഴ്ച്ചയായിരുന്നു .ബസ്സ് സമരം കാരണം അന്ന് അവധിദിനമായിരുന്നു .ഹൊ!! നാളെ ബുധൻ,സ്കൂൾ തുറക്കാൻ ഏതാണ്ട് മണിക്കൂറുകൾ മാത്രമേ ഉള്ളൂ റാം അവന്റെ കിടക്കയിൽ തിരിഞ്ഞും മറിഞ്ഞും അടുത്ത ദിവസത്തെ കുറിച്ചോർക്കുകയായിരുന്നു .രാത്രി മണികഴിഞ്ഞു.ഒരു സമാധാനവുമില്ല,നാളെ എല്ലാവരും നല്ല നല്ല വസ്ത്രങ്ങൾ ധരിച്ച് അണിഞ്ഞൊരുങ്ങിയാവരുന്നത് എന്നാൽ ഞാനോ??ആരോടാ എന്റെ വിഷമങ്ങൾ പറയേണ്ടത് .നല്ല മഴ ചൊരിഞ്ഞു ആകാശം കറുത്തിരുണ്ടു. ജ്യൂൺ മാസത്തിന്റെ പ്രതീകം തന്നെ മഴ പാറ്റകൾ ട്യൂബ് ലൈറ്റിൽ കൂട്ടം കൂടി - കുറച്ചു നേരം കഴിഞ്ഞാൽ അത് കെട്ടും റാം പതുക്കെ അവന്റെ കണ്ണുകൾ മൂടി.

നേരം പുലർന്നു. സൂര്യൻ മെല്ലെ അതിന്റെ രശ്മികൾ കിടക്കയിൽ ചായ്ച്ചു.

അയ്യോ, ഇന്ന് നേരത്തെ എത്തണം സ്കൂൾ തുറക്കുന്ന ദിവസമാണിന്ന് റാം അലറി. കസേരയിൽ നിന്ന് ഒരു മുഷിഞ്ഞ ഷർട്ട് എടുത്ത് , അത് ധരിച്ച് റാം തലമുടിയൊക്കെ കൈകൊണ്ട്  ചീകിയൊതുക്കി, സ്കൂൾ ബാഗെടുത്തു തയ്യാറായി. **"മോനെ അല്പം ഭക്ഷണം കഴിച്ചിട്ട് പോയ്ക്കൂടെ"** അമ്മ പറഞ്ഞു. റാം അതൊന്നും കേട്ടില്ല. ഒന്നും കഴിക്കാതെ അവൻ സ്കൂളിലേക്ക് യാത്രയായി.

രണ്ട് മയിൽ നടന്നിട്ടാണ് ബസ്സ് സ്റ്റോപ്പ് എത്തുന്നത് കുറേ നേരം ഒരു പാട്ടമൂളി കൊണ്ട് ബസ്സ് സ്റ്റോപ്പിലെത്തി. എല്ലാവരും നല്ല വസ്ത്രങ്ങൾ ധരിച്ചാണ് നിൽകുന്നത്. ഒരു ഒഴിഞ്ഞ സീറ്റ് കിട്ടിയപ്പോൾ അവിടെയിരുന്നു.സത്യത്തിൽ റാം അത്ര വല്ല്യ പണക്കാരനായിരുന്നില്ല. കുറച്ചു ചക്രങ്ങൾ കയ്യിൽ കിട്ടീറ്റ് മാസങ്ങളായി .ഒരു പുതിയ വസ്ത്രം മേടിക്കാത്തതിന്റെ വിഷമത്തിലായിരുന്നു അവൻ. അവിടെ വെറുതെ നിലത്തു നോക്കിയപ്പോൾ ഒരു മണിപേഴ്സ് അരികിൽ അതിന്റ ഉടമസ്ഥൻ ഉണ്ടായിരുന്നു. പക്ഷെ പേഴ്സ് താഴെ പോയ കാര്യം അവർ അറിഞ്ഞില്ല. അത് എടുത്ത് നോക്കിയപ്പോൾ നിറയെ കാശ് **"ഹോ, ഇതെതൊരു പണക്കാരനാ? ഇത്**

***തിരിച്ച് നൽകിയാലോ?"*** *റാം ആലോചിച്ചു* ***"വേണ്ട, ഇതിനെ കൊണ്ടൊരു കുപ്പായം വാങ്ങിക്കണം. ഒരിക്ക മോഷ്ടിച്ചാൽ അത് ഭഗവാൻ പൊറുക്കും."***

*ഒരു ടെക്സ്റ്റൈൽ ഷോപ്പിലേക്ക് നടന്നു. ഒരു നല്ല തുണിക്കടയായിരുന്നു അത്. കൈയ്യിലാണെങ്കിൽ തിന്റെയും തിന്റെയും തിന്റെയും നോട്ടുകൾ. പിന്നെയെന്ത് ആലോചിക്കാൻ ഒരു കിടിലൻ കുപ്പായം തന്നെ അങ്ങ് വാങ്ങിച്ചു. കടക്കാരൻ ചോദിച്ചപ്പോൾ അച്ഛന്റെ പൈസയാണെന്ന് പറഞ്ഞു.* ***"ഹും!! ഇത് ഇട്ടിട്ടുവേണം രണ്ടാളുടെ മുമ്പിൽ ഒന്നു തലയുയർത്തി നിൽക്കാൻ."***

*ഇനി നേരേ സ്കൂളിൽ പോകണം* ***"അയ്യോ!!*** *"റാം അലറി. എന്റെ ബാഗ് !! ഞാൻ അത് ബസ്സ്സ്റ്റോപ്പിൽ മറന്നു വച്ചു. അവിടെ ചെന്നാൽ ബാഗിന്റെ ഉടമസ്ഥൻ എന്നെ തിരക്കുന്നുണ്ടാവുമോ? ബാഗില്ലാതെ എങ്ങനെയാ സ്കൂളിൽ പോകുന്നേ.*

*റാം ഒരു നിമിഷം പതറി പിന്നെ ചിന്തിച്ചു* ***"എല്ലെങ്കിൽ വേണ്ട, നേരെ വീട്ടിൽ പോകാം. ഇന്ന് അവധിയാണെന്നും ബാഗെടുക്കാൻ മറന്നു എന്നും അമ്മയോട് പറയാം"*** *ഏതാണ്ട് ഉച്ചയായി വീട്ടിലെത്താൻ. വീട്ടിന്റെ പടിവാതിക്കൽ ഒരു ജോടി ചെരുപ്പുണ്ടായിരുന്നു. ഏത് വിരുന്നുക്കാരനാ വന്നത് എന്നറിയാൻ അകത്തേക്ക് ചെന്നപ്പോൾ ബസ്സ്സ്റ്റോപ്പിൽ നിന്ന് കണ്ട പേഴ്സ് ഉടമസ്ഥൻ വീട്ടിൽ. റാം ആകെ തരിച്ചുപ്പോയി* ***"മോനെ നീ നിന്റെ ബാഗ് അവിടെ വച്ച് മറന്നു."*** *അദ്ദേഹം പറഞ്ഞു.* ***"ഒരു പുസ്തകത്തിൽ നിന്നാണ് നിന്റെ വീടിന്റെ അഡ്റസ്സ് അറിഞ്ഞത്. ഞാൻ ഇതു നൽകാൻ വന്നതാണ്."*** *റാമിന്റെ കണ്ണു നിറഞ്ഞു. പേഴ്സ് തിരിച്ചുനൽകി അവൻ തുടർന്നു.* ***"ഇത് എനിക്കവിടുന്ന് കിട്ടിയതാ , തിരിച്ചു നൽകുന്നതിന് പകരം ഞാൻ ഇതിൽ നിന്ന് ഞ്ഞു. ഒരു*** ***പുസ്തകത്തിൽ നിന്നാണ് നിന്റെ വീടിന്റെ അഡ്റസ്സ് അറിഞ്ഞത്. ഞാൻ ഇതു നൽകാൻ വന്നതാണ്."*** *റാമിന്റെ കണ്ണു നിറഞ്ഞു. പേഴ്സ് തിരിച്ചുനൽകി അവൻ തുടർന്നു.* ***"ഇത് എനിക്കവിടുന്ന് കിട്ടിയതാ*** ***തിരിച്ചു നൽക്കുന്നതിനു പകരം ഞാൻ ഇതിൽ കാശ് എടുത്തിരുന്നു. ഒരു കുപ്പായം വാങ്ങിച്ചു. ക്ഷമിക്കണം."*** *അവൻ കരഞ്ഞു പറഞ്ഞു. അദ്ദേഹം ചിരിച്ച് കൊണ്ട് പറഞ്ഞു.*"***സാരമില്ല, നീ കുട്ടിയല്ലെ അങ്ങനെയൊക്കെയുണ്ടാകും ഇനി ആവർത്തിക്കരുത് കേട്ടോ?"***

*റാമിന് അവന്റെ തെറ്റ് മനസ്സിലായി അവനെ തേടി വന്ന ആ അതിഥിയെ അവന് മറക്കുവാൻ സാധിച്ചില്ല.*

***അതീന ഷാൻവി .IX A***